# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5443 28/07/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജൈവ കാർഷിക മണ്ഡലം പരിപാടി

ചോദ്യം

**ശ്രീ.കെ. ദാസൻ**

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) ജൈവ കാർഷിക മണ്ഡലം പരിപാടിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം; അതിനായി കൊയിലാണ്ടി മണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

എ) ജൈവ കാർഷിക മണ്ഡലം പരിപാടിയ്ക്ക് വേണ്ടി പ്രത്യേക പദ്ധതികളോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ജൈവ കൃഷി പ്രോത്സാഹനത്തിനായി 2014-15-ൽ ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ചുള്ള ജൈവ കൃഷി പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ ചേങ്ങോട്ട്കാവ് കൃഷി ഭവന്റെ പരിധിയിൽ50 ഹെക്ടർ സ്ഥലത്ത് ജൈവ ഉല്പാദന ഉപാധികൾ വിതരണം ചെയ്യുകയും അതിനായി 2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് പദ്ധതികളുടെ ഭാഗമായി ജൈവ പ്രോത്സാഹനത്തിനായി കൊയിലാണ്ടി മണ്ഡലത്തിൽ ചുവടെപ്പറയും പ്രകാരം ജൈവ ഉല്പാദന ഉപാധികൾ വിതരണം ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ, അനുവദിച്ച തുക, ചിലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1. | പച്ചക്കറി വികസന പദ്ധതി | 5,78,625 | 5,78,625 |
| 2. | ബയോഗ്യാസ് പദ്ധതി | 18,000 | 18,000 |
| 3. | നാളികേര വികസന പദ്ധതി | 28,25,000 | 28,25,000 |
| 4. | വാഴ കൃഷി വികസന പദ്ധതി | 16,00,000 | 16,00.000 |
| 5. | ഇടവിളക്കിറ്റ് വിതരണം | 1,33,750 | 1.33,750 |
| 6. | വെറ്റില കൃഷി | 50,000 | 50,000 |

| | |
|---|---|
| ബി) പുതുതായി ഈ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ? | ബി) മൂടാടി, കൊയിലാണ്ടി, ചേമഞ്ചേരി, ചേങ്ങോട്ട്കാവ് പഞ്ചായത്തുകളിൽ ജൈവ കൃഷിയിൽ തല്പരരായവരെ അംഗങ്ങളാക്കി ജൈവ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പച്ചക്കറിയിൽ ജൈവ കൃഷി, ജൈവ മാലിന്യം സംസ്കരണം, ഫലവൃക്ഷ തൈ വിതരണം ഇവ ഉൾപ്പെടുത്തി നിറവ് പദ്ധതി തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്.<br><br>പയ്യോളി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളും സമ്പൂർണ്ണ ജൈവ കാർഷിക വാർഡുകളാക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 10 ഹെക്ടർ പച്ചക്കറി കൃഷി പൂർണ്ണമായും ജൈവ രീതി അവലംബിക്കുവാൻ തീരുമാനിച്ചു. കൂടാതെ 20 ഹെക്ടർ നെൽ കൃഷി, 8 ഹെക്ടർ വാഴ കൃഷി, 1425 ഹെക്ടർ തെങ്ങ് കൃഷി ഇവയെല്ലാം പൂർണ്ണമായും ജൈവ രീതി അവലംഭിക്കുവാൻ തീരുമാനിച്ചു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപനം മുതലായവയ്ക്കുള്ള സഹായങ്ങൾ കൂടി മറ്റു വകുപ്പുകളിൽ നിന്നും കർഷകർക്ക് ലഭ്യമാക്കുവാൻ തീരുമാനിച്ചു. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ കൃഷി വ്യാപിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തിക്കോടി പഞ്ചായത്തിൽ തെങ്ങുകൃഷി ജൈവ രീതിയിൽ അവലംബിക്കുന്നതിനായി 15 ലക്ഷം രൂപയും പച്ചക്കറി കൃഷിയ്ക്കായി 3 ലക്ഷം രൂപയും വെറ്റില കൃഷിക്കായി 1 ലക്ഷം രൂപയും പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, കുരുമുളക് കൃഷി വ്യാപനം, ടിഷ്യൂകൾച്ചർ വാഴ വ്യാപനം കേരക്ലസ്റ്റർ രൂപീകരണം ഇവയ്ക്കായി 76,66,000/- രൂപയും നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ